കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കിനൽകുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപപത്രം വാങ്ങണമെന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.540/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 02/03/2013

പരാമർശം :- 1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8-8-07 ലെ 40942/ആർസി3/07/തസ്വഭവ നം സർക്കുലർ

2) വനംവന്യജിവി വകുപ്പിന്റെ 19/04/2012 ലെ സ.ഉ.(പി) 51/12/വനം, വന്യജീവി നമ്പർ വിജ്ഞാപനം

3) പഞ്ചായത്ത് ഡയറക്ടറുടെ 5-7-12 തീയതിയിലെ സി4/32866/12 നമ്പർ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ പരാമർശം (1) ലെ സർക്കുലറിലെ നിബന്ധനകൾ പാലിക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിച്ചിരുന്നു. ആയത് പ്രകാരം ലൈസൻസ് നൽകുന്നതിന് വനം വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം കൂടി ഹാജരാക്കേണ്ടതുണ്ട്.

എന്നാൽ തടിമില്ലുകൾക്കും മറ്റ് മരാധിഷ്ഠിത വ്യവസായങ്ങൾക്കും വനം വകുപ്പിന്റെ ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് കേരള വനം (തടിമില്ലുകൾക്കും മരാധിഷ്ഠിത വ്യവസായങ്ങൾക്കും നിയന്ത്രണം) ചട്ടങ്ങൾ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനം വകുപ്പിന്റെ ലൈസൻസ് ആവശ്യമാണെന്ന് ചട്ടങ്ങൾ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഹാജരാക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം വാങ്ങണം എന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ പരാമർശം (2) ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)

വനം വന്യജീവി വകുപ്പ് (12-12-12 ലെ ഇ14/ബി1/12/വനം നം. കുറിപ്പ്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.